**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമ്പൂർണ്ണ വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ നടപ്പിലാക്കുമെന്ന പ്രഖ്യാപനം എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻ നിരയിൽ പ്രവർത്തിക്കുന്ന 18 നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകി കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ്ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിനു മുകളിലുള്ള ജിവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഇങ്ങനെ വാക്സിനേഷൻ നടത്താനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വാക്സിനേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. |
| (സി) | തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും പ്രദേശങ്ങളും സമ്പൂർണ്ണ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ